**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1178** **07-12-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിലെ മേൽമുറി, ഇരുമ്പുഴി, കരുമാഞ്ചേരി പറമ്പ് എന്നീ കുടിവെള്ള പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | മലപ്പുറം മണ്ഡലത്തിൽ ആനക്കയം പഞ്ചായത്തിലെ ഇരുമ്പുഴി, കരുമാഞ്ചേരി പറമ്പ് പ്രദേശങ്ങൾക്കായി ആനക്കയം പഞ്ചായത്തിലെ ജലജീവൻമിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 2697 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ആനക്കയം പഞ്ചായത്തിനായുള്ള ജല ശുദ്ധീകരണശാലയുടെയും മറ്റു ഘടകങ്ങളുടെയും ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിവരുന്നു. ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള സ്ഥലത്തിന്റെ മണ്ണ് പരിശോധനയ്ക്ക് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>മലപ്പുറം മുനിസിപ്പാലിറ്റിയിലെ മേൽമുറി പ്രദേശം ഭാഗികമായി ഉൾപ്പെടുന്ന രീതിയിൽ അമൃത് 2 .0 പദ്ധതിയിൽ ഭരണാനുമതി ലഭ്യമാക്കുന്നതിലേക്കായി 7.60 കോടി രൂപയുടെ DPR തയ്യാറാക്കി വരുന്നു. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്.<br><br>കൂടാതെ മേൽപ്രദേശവും മലപ്പുറം മുനിസിപ്പാലിറ്റിയിൽ പാണക്കാട് വില്ലേജിലും കുടി കുടിവെള്ളം വിതരണം ചെയ്യുന്നതിനായി നഗരസഞ്ചയം പദ്ധതിയിൽ 19 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ ഏതു സ്കീമിൽ ഉൾപ്പെടുത്തിയാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | ഇരുമ്പുഴി, കരുമാഞ്ചേരിപറമ്പ് പ്രദേശത്തെ കുടിവെള്ള പദ്ധതിക്കായി ജൽ ജീവൻമിഷനിൽ ഉൾപ്പെടുത്തിയാണ് ഭരണാനുമതി നല്കിയിട്ടുള്ളത്. മേൽമുറി പ്രദേശത്തെ കുടിവെള്ളപദ്ധതിക്കായി നഗരസഞ്ചയം എന്ന സ്കീമിൽ ഉൾപ്പെടുത്തിയാണ് ഭരണാനുമതി നല്കിയിട്ടുള്ളത്. |
| (സി) | രൂക്ഷമായ കുടിവെള്ള ക്ഷാമം | (സി) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി |

| | | | |
|---|---|---|---|
| | പരിഹരിക്കുന്നതിനായി പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | | പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ